(ബി) ഈ സംഭവത്തിൽ കുറ്റക്കാർ ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥരാണെന്ന് അറിയിക്കുമോ ; ഈവർക്കെതിരെ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) പോലീസ് മർദ്ദനത്തിൽ പരിക്കേറ്റ കെ.എസ്.യു.(ഐ) നേതാക്കൾക്ക് നഷ്ടപരിഹാരം നൽകിയോ ; ഇല്ലെങ്കിൽ കാരണമെന്ത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) 1999 ഒക്ടോബർ 26-ന് അക്രമാസക്തരായി പോലീസിന് നേരെയും സർക്കാർ വാഹനങ്ങൾക്ക് നേരെയും കല്ലേറു നടത്തിയതിനെ തുടർന്ന് ഒരു സംഘം കെ.എസ്.യു. പ്രവർത്തകരെ പോലീസ് വിരട്ടി ഓടിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പാനൂർ ഹയർസെക്കന്ററി സ്കൂളിൽ 1998 ജൂൺ മാസത്തിലുണ്ടായ ബോംബ് സ്ഫോടനത്തിന്റെ കാരണം

85 (85) ശ്രീ. കെ. സി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാനൂർ ഹയർസെക്കന്ററി സ്കൂളിന്റെ ഓഫീസ് മുറിയിൽ 1998 ജൂൺ മാസത്തിലുണ്ടായ ബോംബ് സ്ഫോടനത്തിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ നടന്ന അന്വേഷണത്തിന്റെ നിഗമനങ്ങൾ എന്തെല്ലാമാണ് ;

(സി) ഇതിനെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബോംബ് സ്ഫോടനത്തിന്റെ കാരണം അന്വേഷണത്തിൽ വെളിവായിട്ടില്ല.

(ബി&സി) പാനൂർ സ്കൂളിൽ ബോംബു പൊട്ടിയ സംഭവത്തിന് പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 148/98 ആയി രജിസ്റ്റർ ചെയ്ത് കേസ് അന്വേഷണം പൂർത്തിയാക്കി തെളിയേണ്ട പട്ടികയിൽ ചേർത്ത് തീർച്ച റിപ്പോർട്ട് തലശ്ശേരി അഡീഷണൽ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ ചീരാൽ പ്രദേശത്തെ അക്രമസംഭവങ്ങൾ

86 (86) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 1999 വർഷത്തെ നെൻമേനി ഗ്രാമപഞ്ചായത്ത് കേരളോത്സവത്തിൽ പങ്കെടുക്കാനെത്തിയ പുത്തൻകുന്ന് നാഷണൻ ക്ലബ്ബിലെ പ്രവർത്തകരായ ആദിവാസി യുവാക്കളെ സംഘം ചേർന്ന് സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചീരാൽ ടൗണിൽ വച്ച് ക്രൂരമായി മർദ്ദിച്ചത് സംബന്ധിച്ചും 2000 ജനുവരി 28-ന് ചീരാൽ സർക്കാർ ആശുപത്രി കോമ്പൗണ്ടിൽ കയറി ആക്രമണം നടത്തിയത് സംബന്ധിച്ചും പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് ഈ രണ്ടുകേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) ആദിവാസി യുവാക്കളെ മർദ്ദിച്ച പ്രതികളും ആശുപത്രിയിൽ കയറി അക്രമം നടത്തിയ പ്രതികളും ആരെല്ലാമാണെന്നും അവരെ ഇതിനോടകം അറസ്റ്റു ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(ഡി) ചീരാൽ പ്രദേശത്തെ സമാധാന ജീവിതം തകർക്കുന്ന വിധത്തിലുള്ള സാമൂഹ്യദ്രോഹികളുടെ അക്രമം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട് മൂന്നുകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആദിവാസി യുവാക്കളെ ആക്രമിച്ചതു സംബന്ധിച്ച് സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷനിൽ ഇ.ശി.നി. 143, 147, 148, 341, 323, 324, ആർ.ഡബ്ല്യൂ 149 പ്രകാരം 416/99-ാം നമ്പർ കേസും ആശുപത്രി കോമ്പൗണ്ടിൽ കയറി ആക്രമണം നടത്തിയതിന് ഇ.ശി.നി. 143, 147, 148, 323, 324, ആർ.ഡബ്ല്യൂ. 149 പ്രകാരം 49/2000, 50/2000 എന്നീ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സുൽത്താൻ ബത്തേരി പേലീസ് സ്റ്റേഷനിലെ ക്രൈം 416/99 നമ്പർ കേസിലെ പ്രതികൾ

1. എ1. മൂസ എസ്/ഒ മൊയ്ദീൻ
2. എ2. ബാബു എസ്/ഒ കേശവൻകുട്ടി
3. എ3. ബാവ എസ്/ഒ പോക്കർ
4. എ4. സലാം എസ്/ഒ മുഹമ്മദ് ഹാജി
5. എ5. ഗഫൂർ എസ്/ഒ മൂസ
6. എ6. ശശിമേനോൻ എസ്/ഒ ഗോപിനാഥമേനോൻ
7. എ7. ഖാദർ എസ്/ഒ പോക്കർ
8. എ8. മണികണ്ഠൻ എസ്/ഒ കുട്ടപ്പൻ
9. എ9. മണികണ്ഠൻ എസ്/ഒ കേശവൻ
10. എ10.മോഹനൻഎസ്/ഒ സോമൻ
11. എ11. രാജൻ എസ്/ഒ സോമൻ

ഒന്നുമുതൽ ഒൻപത് പ്രതികളെ അറസ്റ്റ് ചെയ്തു. 10-ഉം 11-ഉം പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ക്രൈം 49/2000 നമ്പർ കേസിലെ പ്രതികൾ :—

എ1. ഖാദർ, എ2. മരക്കാർ എ3. അഹമ്മദ് എ4 മുജീവ് , മറ്റ് അഞ്ച് പേരും. പ്രതികളെ ആരും അറസ്റ്റു ചെയ്തിട്ടില്ല.

ക്രൈം 50/2000 നമ്പർ കേസിലെ പ്രതികൾ :—

എ1. സുലൈമാൻ, എ2. ചന്ദ്രൻ, എ3. മൊയ്ദ്ദീൻ കുട്ടി, മറ്റ് കണ്ടാൽ അറിയാവുന്ന എട്ടുപേരും. പ്രതികളെ ആരെയും അറസ്റ്റു ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ കേസ്സുകളിലെ പ്രതികളെ അറസ്റ്റുചെയ്യുന്നതിനും അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ചീരാൽ പ്രദേശത്തെ സമാധാന ജീവിതം തകർക്കുന്ന വിധത്തിലുള്ള സാമൂഹ്യദ്രോഹികളുടെ അക്രമം അവസാനിപ്പിക്കുന്നതിനും മറ്റ് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിന്റെ ചുറ്റുമതിൽ തകർത്ത സംഭവം

87 (87) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 നവംബർ 2-ാം തീയതി രാത്രി കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിന്റെ ചുറ്റുമതിൽ കമ്പിപ്പാര ഉപയോഗിച്ച് തകർക്കുകയുണ്ടായോ ;

(ബി) ഈ സംഭവം നടക്കുമ്പോൾ വിവരം ഫോണിൽക്കൂടി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിച്ചിരുന്നുവോ ;

(സി) എങ്കിൽ സംഭവം നടന്ന് എത്ര മണിക്കൂർ കഴിഞ്ഞാണ് പോലീസ് എത്തിയത് ;

(ഡി) പ്രസ്തുത കോളേജ് പ്രിൻസിപ്പാളിനെ എസ്.എഫ്.ഐ.ക്കാർ പരിക്കേൽപ്പിച്ച സംഭവമുണ്ടായിട്ടുണ്ടോ ;

(ഇ) മതിലിടിച്ചതിന്റേയും പ്രിൻസിപ്പാളിനെ പരിക്കേൽപ്പിച്ചതിന്റെയും പേരിൽ ആരുടെയെല്ലാം പേരിൽ കേസെടുത്തിട്ടുണ്ട് ;

(എഫ്) ഈ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർമ്മലഗിരി കോളേജിന്റെ ചുറ്റുമതിൽ 2-11-1999-ന് രാത്രി ആരോ അതിക്രമിച്ചു കയറി പൊളിച്ച് നശിപ്പിച്ചതായി കൂത്തുപറമ്പ് പോലീസിന് പരാതി ലഭിക്കുകയുണ്ടായി.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly